LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമപെൻഷനുകൾക്കുള്ള കേന്ദ്രവിഹിതം

9(*9) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ക്ഷേമപെൻഷനുകൾക്കുള്ള സംസ്ഥാന ബഡ്ജറ്റ് വിഹിതം കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വർദ്ധിപ്പിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ പെൻഷനുവേണ്ടി കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ സർക്കാർ അനുവദിച്ച ബഡ്ജറ്റ് വിഹിതം സംബന്ധിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

വർഷം	ബഡ്ജറ്റ് വിഹിതം (തുക കോടി രൂപയിൽ)
2016-17	5128.63
2017-18	5666.21
2018-19	3578 2018-19 സാമ്പത്തിക വർഷത്തിൽ, 2018 ആഗസ്റ്റ് മുതൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മുഖേനയാണ് വിതരണം ചെയ്യുന്നത്.
2019-20	3354
2020-21	12950.07
	കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (2016-2021) 34504.19 കോടി രൂപ സാമൂഹ്യ ക്ഷേമ പെൻഷൻ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

(ബി) ക്ഷേമപെൻഷനുകളുടെ കാര്യത്തിൽ മതിയായ കേന്ദ്രവിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഇല്ല. സാമൂഹ്യ സുരക്ഷാ പെൻഷനുകളായ ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ പെൻഷൻ ഇനങ്ങൾക്കാണ് കേന്ദ്ര സർക്കാർ വിഹിതം ലഭിക്കുന്നത്. സംസ്ഥാനത്ത് 50,46,421 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുള്ളതിൽ 6,88,329 ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് കേന്ദ്രസഹായം ലഭിക്കുന്നത്. ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾ 7,04,217 ആണ്. ഇതിന് യാതൊരുവിധ കേന്ദ്രസഹായവും ലഭിക്കുന്നില്ല. നിലവിൽ കേന്ദ്ര വിഹിതമായി ലഭിക്കുന്ന തുകകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) കോവിഡ്മൂലമുള്ള സാമ്പത്തിക പ്രതിസന്ധി എന്ന കാരണത്താൽ കേന്ദ്ര സർക്കാർ ക്ഷേമ പദ്ധതികൾക്കായുള്ള ചെലവുകൾ വെട്ടിക്കുറയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

കോവിഡ് മഹാമാരിമൂലമുള്ള സാമ്പത്തിക പ്രതിസന്ധി മുൻനിർത്തി ക്ഷേമ പദ്ധതികൾക്കുള്ള വിഹിതം കേന്ദ്ര സർക്കാർ വെട്ടിക്കുറയ്ക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ PFMS പോർട്ടലിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം പ്രധാന ക്ഷേമ പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതത്തിൽ 2018-19 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2019-20 സാമ്പത്തിക വർഷത്തിൽ കുറവ് വന്നിട്ടുള്ളതായും 2020-21 സാമ്പത്തിക വർഷത്തിൽ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളെയും അപേക്ഷിച്ച് വർദ്ധന ഉണ്ടായിട്ടുള്ളതായും കാണുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) കോവിഡിന്റെ പശ്ചാത്തലത്തിലും സംസ്ഥാന സർക്കാർ ക്ഷേമ പെൻഷനുകൾക്കുള്ള വിഹിതത്തിൽ കുറവ് വരുത്താതെ വർദ്ധിപ്പിച്ച നിരക്കിൽ നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ 1-4-2020 മുതൽ 1300 രൂപയായും, 1-9-2020 മുതൽ 1400 രൂപയായും 1-1-2021 മുതൽ 1500 രൂപയായും 1-4-2021 മുതൽ 1600 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2020 സെപ്റ്റംബർ മാസം മുതൽ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അതത് മാസം അനുവദിച്ചു വിതരണം ചെയ്തുവരുന്നു.

(ഇ) ഗാർഹിക തൊഴിലാളി പെൻഷൻ, അൻപത് വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നീ ഇനങ്ങളിൽ കേന്ദ്രവിഹിതം ലഭിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഗാർഹിക തൊഴിലാളി പെൻഷൻ, അൻപത് വയസ്സുകഴിഞ്ഞ അവിവാഹി തകൾക്കുള്ള പെൻഷൻ എന്നീ ഇനങ്ങളിൽ കേന്ദ്ര വിഹിതം ലഭിക്കുന്നില്ല.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.